**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ** – 2707 12.02.2019–ലെ മറുപടി

**വാട്ടർ ടാങ്കുകൾ വൃത്തിയാക്കുവാനുള്ള സംവിധാനങ്ങൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള വാട്ടർ ടാങ്കുകൾ കാലാകാലങ്ങളിൽ വൃത്തിയാക്കുവാൻ വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള വാട്ടർ ടാങ്കുകൾ കാലാകാലങ്ങളിൽ കഴുകി വൃത്തിയാക്കുന്നതിന് ഒരു വർഷത്തെ അറ്റകുറ്റപ്പണിയിൽ ഉൾപ്പെടുത്തിയോ ടെണ്ടർ/ക്വട്ടേഷൻ വിളിച്ച് കരാറുകാരെ ഏർപ്പെടുത്തിയോ കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കി വരുന്നുണ്ട്. കൂടാതെ ജലത്തിൽ മാലിന്യങ്ങൾ കലരാനിടയാകുകയോ / പുഴയിൽ കലക്കൽ കൂടുകയോ ചെയ്യുന്ന സമയം പമ്പിംഗ് നിർത്തി വെച്ച് പ്രത്യേകം ടാങ്ക് കഴുകി വൃത്തിയാക്കാറുണ്ട് . |
| ബി) ഉദ്യോഗസ്ഥർ യഥാസമയം ഇത് പാലിക്കുന്നുണ്ടോ എന്ന് അതോറിറ്റി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ; | ബി) പരിശോധിക്കുന്നുണ്ട്. യഥാസമയം കരാറുകാരൻ ഉദ്യോഗസ്ഥരുടെ നിർദ്ദേശം അനുസരിച്ച് അവരുടെ മേൽനോട്ടത്തിൽ ആണ് ടാങ്ക് വൃത്തിയാക്കുന്നത്. ആയത് ഇൻസിഡന്റ് റിപ്പോർട്ടിൽ രേഖപ്പെടുത്താറുമുണ്ട്. |
| സി) വാട്ടർ ടാങ്കുകൾ പലതും യഥാ സമയം വൃത്തിയാക്കാത്തത് മൂലം മാലിന്യം കലർന്ന കുടിവെള്ളം വിതരണം ചെയ്യപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ വ്യക്തമായ വിശദ വിവരം നൽകാമോ ? | സി) ശ്രദ്ധയിൽപെട്ടിട്ടില്ല . |

Renuka Sankar
സെക്ഷൻ ഓഫീസർ